"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(കൈ) നം.32/2026/AGRI തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. സ.ഉ (എം.എസ്) നം. 37/2017/കൃഷി തീയതി 22.03.2017.
2. സ.ഉ (സാധാ) നം. 1066/2017/കൃഷി തീയതി 27.10.2017.
3. സ.ഉ (എം.എസ്) നം. 1192/2017/കൃഷി തീയതി 13.12.2017.
4. സ.ഉ (എം.എസ്) നം. 167/2017/കൃഷി തീയതി 28.12.2017
5. സ.ഉ (എം.എസ്) നം. 119/2018/കൃഷി തീയതി 26.09.2018
6. സ.ഉ (സാധാ) നം. 1198/2018/കൃഷി തീയതി 12.12.2018
7. സ.ഉ (സാധാ) നം. 360/2022/കൃഷി തീയതി 27.04.2022
8. സ.ഉ.(കൈ) നം.80/2022/കൃഷി തീയതി 24.09.2022
9. സ.ഉ (സാധാ) നം.1117/2024/കൃഷി തീയതി 28.11.2024
10. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 07.07.2025 തീയതിയിലെ ADFW/10767/2023-TR2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പുനരാവിഷ്കരിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം 2 മുതൽ 9 വരെയുള്ള ഉത്തരവുകൾ പ്രകാരം പദ്ധതി മാനദണ്ഡങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയും ഭേദഗതി വരുത്തിയും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ കൂടുതൽ വിളകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും ഉപ്പ് വെള്ളം കയറി നെൽകൃഷിക്കുണ്ടാകുന്ന കൃഷിനാശത്തിനും മാവുകളിലെ കീടരോഗ ബാധ മൂലമുള്ള വിള നാശത്തിനും വിള ഇൻഷുറൻസ് പദ്ധതി ബാധകമാക്കണമെന്നഭ്യർത്ഥിച്ചും ഒട്ടേറെ നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുന്ന സാഹചര്യത്തിൽ പരാമർശം 10 പ്രകാരം പുനരാവിഷ്കരിച്ച വിള ഇൻഷുറൻസ് പദ്ധതിയുടെ നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതികൾ / കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനായി ക്രോഡീകരിച്ച പ്രപ്പോസൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

ഡയറക്ടർ സമർപ്പിച്ച പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പുനരാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതിയുടെ പരാമർശം 1 മുതൽ 9 വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകളിൽ ഭേദഗതികൾ/ കൂട്ടിച്ചേർക്കലുകൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഭേദഗതി/ കൂട്ടിച്ചേർക്കലുകൾ വരുത്തിയ വ്യവസ്ഥകൾ ഈ ഉത്തരവിന്റെ അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്കവകുപ്പ് (വെബ് & ന്യൂ മീഡിയ).
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Vineesh Kumar G**
**Date: 13-03-2026 21:21:09**
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

## അനുബന്ധം

### I. വ്യവസ്ഥകൾ

പദ്ധതി വ്യവസ്ഥകളിൽ താഴെ പറയുന്ന വിളകൾ/ കൃഷികൾ കൂടി പുതുതായി ഉൾപ്പെടുത്തുന്നു.

1. വാഴ High Density Planting (ഒരു കുഴിയിൽ രണ്ടു കന്നുകൾ (ഒരു ഹെക്ടറിൽ 1666 കുഴിയിൽ3332 എണ്ണം 2mx3m അകലത്തിൽ) അല്ലെങ്കിൽ ഇടയകലം കുറച്ച് ഒരു ഹെക്ടറിൽ 3265 കന്നുകൾ നടുന്ന രീതി).

2. കിഴങ്ങു വർഗ്ഗ വിളകളിൽ നിലവിൽ ഉള്ള ചേന, മധുരക്കിഴങ്ങ്, കൂർക്ക എന്നിവയോടൊപ്പം ചേമ്പ്, കാച്ചിൽ എന്നിവ കൂടി ഉൾപ്പെടുത്തുന്നു.

3. പപ്പായ

4. ചെറുഫലവിളകൾ - റംബൂട്ടാൻ, പേര, പാഷൻ ഫ്രൂട്ട്, സപ്പോട്ട, അവക്കാഡോ, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി.

5. പുഷ്പകൃഷി - ആന്തൂറിയം, ഓർക്കിഡ്, മുല്ല.

6. തേനീച്ച കൃഷി.

### II. പുതുതായി ഉൾപ്പെടുത്തേണ്ട വിളകൾ/ ദുരന്തം

**a. ഉപ്പുവെള്ളം കയറി നെൽകൃഷിയിൽ ഉണ്ടാകുന്ന കൃഷി നാശം**

12. പരാമർശം 6 -ലെ ഉത്തരവ് പ്രകാരം നെല്ലിന് 50 ശതമാനത്തിൽ അധികമുണ്ടാകുന്ന നാശനഷ്ടം പൂർണനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകുന്നു. ഉപ്പുവെള്ളം കയറി ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഇതേ മാനദണ്ഡങ്ങൾ പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നു.

**b. മാവുകളിലെ കീടരോഗ ബാധ മൂലമുള്ള വിളനാശം**

പരാമർ ശം 3-ലെ ഉത്തരവ് പ്രകാരം മാവിനെ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതേ മാനദണ്ഡങ്ങൾ പ്രകാരം മാവുകളിലെ കീടരോഗ ബാധ മൂലമുള്ള വിളനാശം കുടി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

## ഭേദഗതികൾ/കൂട്ടിച്ചേർക്കലുകൾ

**(എ)** പരാമർശം 1 ഉത്തരവിലെ അനുബന്ധം.എ -യിലെ 5-ാം നമ്പറിൽ പറഞ്ഞിരിക്കുന്ന വാഴയോടൊപ്പം 5 (a) ആയി High Density Planting കൂടി ഉൾപ്പെടുത്തുന്നു. 22-ാം നമ്പറിൽ പറഞ്ഞിരിക്കുന്ന കിഴങ്ങു വർഗ്ഗങ്ങളിൽ ചേമ്പ്, കാച്ചിൽ, കൂർക്ക എന്നിവ കൂടി ചേർക്കുന്നു.

| **നമ്പർ** | **വിളകൾ** | **ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം** | **വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം** | **അടയ്ക്കേണ്ട പ്രീമിയം** | **നഷ്ടപരിഹാര തോത്** |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| **5 (a)** | വാഴ (High density planting )<br><br>**(എ)** ഏത്തൻ, കപ്പ<br><br>**(ബി)** ഞാലിപ്പൂവൻ<br><br>**(സി)** മറ്റിനങ്ങൾ | 20 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 5 മാസം വരെ | 2mx3m അകലത്തിൽ നടുന്ന രീതിയിൽ ഒരു കുഴിയിൽ രണ്ടു വാഴകന്നിന് 6 രൂപ (3332 കന്നുകൾ 1666 കുഴിയിൽ/1 ഹെക്ടറിൽ)<br><br>1.75mx1.75m അകലത്തിൽ നടുന്ന രീതിയിൽ കന്നിന്റെ എണ്ണം അനുസരിച്ച് ഒരു കന്നിന് 3 രൂപ (3265 എണ്ണം/1 ഹെക്ടറിൽ) | **(എ)** കുലക്കാത്തതിന് 150 രൂപ കുലച്ചതിന് 300രൂപ<br><br>**(ബി)** കുലക്കാത്തതിന് 100 രൂപ കുലച്ചതിന് 200രൂപ<br><br>**(സി)** കുലക്കാത്തതിന് 50രൂപ<br><br>കുലച്ചതിന് 75 രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 22 | കിഴങ്ങ് വർഗ്ഗ ങ്ങൾ<br><br>ചേമ്പ്, കാച്ചിൽ, കൂർക്ക | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞു 3 മാസം വരെ | 0.02 ഹെക്ടറിൽ ചേമ്പ്, കാച്ചിൽ -7.50 രൂപ<br><br>കൂർക്ക 4.50/-രൂപ | ചേമ്പ്, കാച്ചിൽ ഹെക്ടറിന് 35,000 /- രൂപ<br><br>കൂർക്ക ഹെക്ടറൊന്നിന് 15,000 /- രൂപ |
| 26 | മാവ് | 5 മരങ്ങൾ | കായ്ഫലം ഉള്ളത് | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് 10 രൂപ.<br><br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് 25 രൂപ. | മാവിന് കീടരോഗബാധ മൂലമുണ്ടാകുന്ന പൂർണ്ണ നാശനഷ്ടത്തിന്, 10 വർഷം വരെ പ്രായമുള്ള മരങ്ങൾക്ക് 1 മരത്തിന് 1000 രൂപ.<br><br>10 വർഷത്തിന് മേൽ പ്രായമുള്ള മരങ്ങൾക്ക് 1 മരത്തിന് 2000 രൂപ. |
| **ബി. അനുബന്ധം എ-യിൽ പുതിയതായി കൂട്ടി ചേർക്കുന്ന വിളകൾ/ കൃഷികൾ** | | | | | |
| 28 | പപ്പായ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 3 മാസം വരെ | ഒരു മരത്തിനു 3 രൂപ | ഒരു മരത്തിനു 300 രൂപ |
| 29 | പുഷ്പകൃഷി | കുറഞ്ഞത് 25 ചെടികൾ | പുതിയ ചെടികൾക്ക് നട്ടു | 3 രൂപ ഒരു ചെടിക്ക് | ഒരു ചെടിക്ക് 50 രൂപ ഓർക്കിഡ് |

| | | | | | |
|---|---|---|---|---|---|
| | ആന്തൂറിയം, ഓർക്കിഡ്, മുല്ല | (പൂച്ചട്ടികളിൽ) ആന്തൂറിയം, ഓർക്കിഡ്, മുല്ല<br>0.004 ഹെക്ടർ<br>(1 സെന്റ് നിലത്ത് നട്ടുന്ന രീതിയിൽ മുല്ലയ്ക്ക്) | ഒരു ആഴ്ച കഴിഞ്ഞു ഒരു മാസം വരെ | (പുതിയതായി നട്ടത്) | 25 രൂപ ആന്തൂറിയം, മുല്ല (രോഗ കീട ബാധ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രം) |
| 30 | ചെറുഫല വിളകൾ<br>റംബൂട്ടാൻ, സപ്പോട്ട, ലിച്ചി, പേര, പാഷൻ ഫ്രൂട്ട്, ഡ്രാഗൺ ഫ്രൂട്ട്, അവക്കാഡോ | 10 എണ്ണം | കായ്ഫലമുള്ളത് | ഒരു എണ്ണത്തിന് 5 രൂപ | ഒരു മരം/ ചെടിയ്ക്ക് 500 രൂപ |
| 31 | തേനീച്ച | ഈച്ചയോട്ടു കൂടിയ കൂട് 10 എണ്ണം | കൂട്ട സ്ഥാപിച്ചു കഴിഞ്ഞ് | 5 രൂപ ഒരു തേനീച്ചക്കൂടിന് | ഒരു തേനീച്ചക്കൂടിന് 750 രൂപ |